ഉത്തരം

(എ&ബി) ഐ.സി.ഡി.എസ്. ഡയറക്ടർ എന്ന തസ്തിക സാമൂഹ്യനീതി വകുപ്പിൽ നിലവിലില്ല. ഐ.സി.ഡി.എസ്. മിഷൻ ഡയറക്ടർ തസ്തികയിൽ സാമൂഹ്യനീതി ഡയറക്ടർ അധിക ചുമതല വഹിച്ചുവരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികകൾ

247 (T4290) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഇവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1292

(ബി) നിലവിലുണ്ടായിരുന്ന 322 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

പഠന പ്രോത്സാഹന പദ്ധതികൾ

248 (4291) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി എന്തൊക്കെ പദ്ധതികളാണ് സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1. ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രിതലംവരെയുള്ള അംഗപരിമിതർക്കും ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികൾക്കും നൽകുന്ന സ്കോളർഷിപ്പ്.

2. ജയിൽ തടവുകാരുടെ കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്ന് 1 മുതൽ 5 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് 3000 രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 5000 രൂപയും +1,+2 വരെയുള്ള വിദ്യാർത്ഥികൾക്ക് 7500 രൂപയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് 10,000 രൂപയും പ്രതിവർഷം നൽകുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുബങ്ങളിലെ കുട്ടികൾക്ക് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ധനസഹായം നൽകുന്നത്. അച്ഛനും അമ്മയും കുട്ടികളുടെ സംരക്ഷണത്തിന് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള ബന്ധുക്കൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ കൂടി പ്രൊബേഷൻ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ ധനസഹായം നൽകിവരുന്നു.

3. വനിതകൾ ഗൃഹനാഥരായുള്ളവരുടെ മക്കൾക്ക് (BPL) വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകാർക്ക് 300 രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകാർക്ക് 500 രൂപയും, +1,+2 ക്ലാസ്സിലുള്ളവർക്ക് 750 രൂപയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 1000 രൂപയും പ്രതിമാസം നൽകുന്ന രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

4. വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി സ്പോൺസർഷിപ്പ് പദ്ധതി സംയോജിത ശിശു വികസന സംരക്ഷണ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. പല കാരണങ്ങളാൽ സ്കൂളുകളിൽ പോകാൻ സാധിക്കാത്തതോ, വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തതോ ആയ കുട്ടികൾക്ക് വിദ്യാഭ്യാസം പൂർത്തിയാക്കാൻ വേണ്ടി മാസത്തിൽ 2000 രൂപ നിരക്കിൽ ഈ സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

5. സാമൂഹ്യനീതിവകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളായവരും പഠനത്തിൽ മികവുകാട്ടുന്നവരുമായ കുട്ടികളെ ബോർഡിംഗ് സ്കൂളുകളിലാക്കി പഠിപ്പിക്കുന്നു.

6. വിദ്യാർത്ഥികളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ഓർഫനേജിലും അനുബന്ധസ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്ന പദ്ധതികൾ.

1. നിർബന്ധിത എലിമെന്ററി വിദ്യാഭ്യാസം ഓർഫനേജിലെ കുട്ടികൾക്ക് നൽകുന്നു.

2. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് +1 പ്രവേശനത്തിന് പ്രത്യേക അനുമതി ഉത്തരവ് ഉണ്ട്.

3. +2-ന് ശേഷമുള്ള ഉപരിപഠനത്തിന് ആവശ്യമായ മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നു.

7. സാമൂഹ്യസുരക്ഷാമിഷൻവഴി മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ടതും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ടതും അഥവാ എ.പി.എൽ. ആണെങ്കിൽ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375 രൂപവരെയുമായ ഗവൺമെന്റ്/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി.

(ബി)1. മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ഓർഫനേജിലും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(a) നിർബന്ധിത എലിമെന്ററി വിദ്യാഭ്യാസം ഓർഫനേജിലെ കുട്ടികൾക്ക് നൽകുന്നു.

(b) സ്ഥാപനങ്ങളിലെ കുട്ടികൾക്ക് +1 പ്രവേശനത്തിന് പ്രത്യേക അനുമതി ഉത്തരവ് ഉണ്ട്.

(c) +2 ന് ശേഷമുള്ള ഉപരിപഠനത്തിന് ആവശ്യമായ മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുന്നു.

2. കേരള സാമൂഹ്യസുരക്ഷാമിഷൻവഴി മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ടതും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടതും അഥവാ എ.പി.എൽ ആണെങ്കിൽ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375 രൂപ വരെയുമായ ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതി താഴെപ്പറയുന്ന പ്രകാരം ധനസഹായം അനുവദിക്കുന്നു.

സ്നേഹപൂർവ്വം പദ്ധതി ധനസഹായ തുക ചുവടെ ചേർക്കുന്നു :

5 വയസ്സിനു താഴെയും 1 മുതൽ 5-ാം ക്ലാസ്സുവരെ	പ്രതിമാസം 300 രൂപ വീതം
6 മുതൽ 10-ാം ക്ലാസ്സുവരെ	പ്രതിമാസം 500 "
11,12 ക്ലാസ്സുകളിൽ	പ്രതിമാസം 750 "
ബിരുദം പ്രോഫഷണൽ ഡിഗ്രി കോഴ്സ്	പ്രതിമാസം 1000 "

ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി 10 മാസത്തെ തുക അനുവദിക്കുന്നു. എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ച 10,12 ക്ലാസ്സുകളിൽ പഠിച്ച സ്നേഹപൂർവ്വം പദ്ധതി ഗുണഭോക്താക്കൾക്ക് തുടർ വിദ്യാഭ്യാസ പ്രോൽസാഹന ധനസഹായമായി താഴെപ്പറയുന്ന തുകയും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 10-ാം ക്ലാസ്സിൽ A+ നേടിയവർക്ക് 1000 രൂപ 12-ാം ക്ലാസ്സിൽ A+ നേടിയവർക്ക് 3000 രൂപ.

ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്

249 (4292) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative.Assembly